# നസ്രാണി പഠന പരമ്പര ക്ലാസ് -19

## " പുതുജീവനും നവീകരണവും നമ്മോടുകൂടെ"

റവ. ഡോ. പോളി മണിയാട്ട്

എല്ലാവർക്കും നമ്മുടെ കർത്താവായ ഈശോ മ്ശിഹായുടെ തിരുവുത്ഥാനത്തിന്റെ മംഗളങ്ങൾ ഏറ്റവും സ്നേഹപൂർവ്വം ആശംസിക്കുന്നു. ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനശിലയാണ് ഈശോയുടെ ഉത്ഥാനം . കോറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനം പതിനഞ്ചാം അദ്ധ്യായം പതിനാലാം വാക്യത്തിൽ പൗലോസ് ശ്ലീഹ ഇങ്ങനെ പഠിപ്പിക്കുന്നു . "മിശിഹാ ഉയിർപ്പിക്ക പ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ് നിങ്ങളുടെ വിശ്വാസവും വ്യർത്ഥം". പിതാവിൽനിന്നും സ്ഥലകാല പ്രപഞ്ചത്തിൻറെ ഭാഗമായി കടന്നുവന്ന ദൈവപുത്രനായ മിശിഹാ പിതാവിങ്കലേക്ക് തിരികെ എത്തുന്നതാണ് മിശിഹായുടെ ഉയിർപ്പ്. പക്ഷേ സ്ഥലകാല പ്രപഞ്ചത്തെ ഒന്നാകെ വെടിഞ്ഞ് പിതാവിങ്കൽ എത്തി എന്ന് ഇതിന് അർത്ഥമില്ല. ഉത്ഥിതനായ മിശിഹാ സ്ഥലകാല പ്രപഞ്ചത്തെ മുഴുവനായും ആശ്ലേഷിക്കുന്ന ദൈവമാണ്.

ചരിത്രത്തിലെ ഈശോ പാലസ്തീനാ എന്ന സ്ഥലത്തു മാത്രം ചരിത്രത്തിലെ ഒരു ചെറിയ കാലഘട്ടത്തിൽ മാത്രം ഒതുങ്ങി നിന്നവനായിരുന്നെങ്കിൽ ഉത്ഥിതനായ ഈശോ സർവ്വ പ്രപഞ്ചത്തിലും

www.malankaralibrary.com

സ്ഥലകാലം മുഴുവനിലും സന്നിഹിതനാണ്. മിശിഹായെപ്പോലെതന്നെ സ്ഥലകാല പ്രപഞ്ചത്തിന്റെ പരിധികൾക്ക് അതീതരായി നമ്മളും ദൈവ പിതാവിങ്കൽ എത്തിച്ചേരേണ്ടതാണ് എന്ന സത്യം ഈശോയുടെ ഉത്ഥാനം നമ്മളെ ബോധ്യപ്പെടുത്തുന്നു. നമ്മുടെ ഉയർപ്പിന്റെ അച്ചാരവും ഉറപ്പുമാണ് ഈശോയുടെ ഉത്ഥാനം.

മിശിഹാ തൻറെ ഉത്ഥാനത്തിലൂടെ ദൈവ പിതാവിങ്കൽ നമുക്ക് സ്ഥലം ഒരുക്കിയിരിക്കുകയാണ്. യോഹന്നാന്റെ സുവിശേഷം പതിനാലാം അധ്യായം രണ്ടും മൂന്നും വാക്യങ്ങളിൽ നാം ഇങ്ങനെ വായിക്കുന്നു; "എൻറെ പിതാവിൻറെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട് ; ഇല്ലായിരുന്നുവെങ്കിൽ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ ഞാൻ പോകുന്നുവെന്നു ഞാൻ നിങ്ങളോടു പറയുമായിരുന്നോ ? ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കി കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വീണ്ടും വന്നു നിങ്ങളെ അവിടേക്ക് കൂട്ടിക്കൊണ്ടുപോകും". ഈശോയുടെ ഉയിർപ്പ് നമ്മുടെയെല്ലാം ഉയിർപ്പിന്റേയും സ്വർഗ്ഗരാജ്യ പ്രവേശത്തിന്റേയും അച്ചാരമാണ് . സ്ഥലകാലങ്ങൾക്ക് അതീതനായി കർത്താവായ ഈശോ നമ്മോടു ചേർന്നു വസിക്കുന്നു എന്നതാണ് ഉത്ഥാനത്തിൽ ഉള്ള വിശ്വാസം നമുക്ക് നൽകുന്ന ഏറ്റവും വലിയ ആനന്ദം .

www.malankaralibrary.com

'ഈശോ സത്യമായും ഉയിർത്തെഴുന്നേറ്റു ഹല്ലേലൂയ്യ' എന്ന് പ്രഘോഷിക്കുന്നതിലെ സന്തോഷം ഇതു തന്നെയാണ്. ഉത്ഥിതനായ കർത്താവിനോടു ചേർന്ന് അവനിൽ ജീവിക്കുവാനുള്ള ആഹ്വാനമാണ് ഉയിർപ്പ് തിരുനാൾ നമുക്ക് നൽകുന്നത്. കർത്താവിൽ ഉള്ള ജീവിതത്തിൻറെ ദൃശ്യമായ അടയാളമാണ് സമാധാനം . മിശിഹാ ആകുന്ന സമാധാനത്തിന്റെ നിറവുള്ള ഒരു ജീവിതം അതാണ് ഉത്ഥിതനായ കർത്താവിൽ വിശ്വസിച്ചു ജീവിക്കുന്നവരുടെ ജീവിതം. ഉയിർപ്പ് തിരുനാളിന്റെ ആരാധനാ ശുശ്രൂഷയിലെ സുപ്രധാന ഘടകമായ സമാധാന ശുശ്രൂഷ ഈ സത്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്.

ഈശോമിശിഹായുടെ പെസഹാ രഹസ്യത്തെ- അതായത് പീഡാനുഭവ മരണ ഉത്ഥാന രഹസ്യത്തെ- വലിയ ആഴ്ചയിൽ വ്യത്യസ്ത ദിനങ്ങളിൽ ആണ് നമ്മൾ ആചരിക്കുന്നതെങ്കിലും അവിടുത്തെ മരണവും ഉത്ഥാനവും അവിഭാജ്യമായ ഒരു യാഥാർത്ഥ്യമാണ്. പുരാതനകാലത്ത് സഭയിൽ ഈസ്റ്റർ തിരുനാൾ മാത്രമാണ് ഉണ്ടായിരുന്നത് .അതിൽ കർത്താവിൻറെ പീഡാസഹനവും മരണവും ഉത്ഥാനവും അനുസ്മരിച്ചിരുന്നു . പിൽക്കാലത്ത് പെസഹാ രഹസ്യത്തിന്റെ സൂക്ഷ്മാംശങ്ങൾ ധ്യാനവിഷയമാക്കേണ്ടതിനായി

www.malankaralibrary.com

മരണവും, കബറടക്കവും, ഉത്ഥാനവും  വ്യത്യസ്ത ദിനങ്ങളിൽ ആചരിച്ച് തുടങ്ങിയതാണ്.

കർത്താവിൻറെ മരണത്തിൽ പങ്കുചേരുന്നതിലൂടെ മാത്രമേ അവൻറെ ഉത്ഥാനത്തിൽ നമുക്ക് പങ്കുചേരാൻ ആവൂ .വിശുദ്ധ കുർബാനയിൽ ഈശോയുടെ മരണ-ഉത്ഥാനരഹസ്യത്തിലാണ് നാം പങ്കുചേരുന്നത്.  മരണത്തിൻറെ സ്മരണ കൊണ്ടാടുമ്പോൾ അതിനോടു ചേർന്നു തന്നെ ഉത്ഥാനത്തിന്റെ സ്മരണയും കൊണ്ടാടുന്നു .

സിറോ മലബാർ കുർബാനയിൽ വളരെ സ്പഷ്ടമായി അഞ്ചു പ്രാവശ്യമെങ്കിലും ഈശോയുടെ മരണോത്ഥാനരഹസ്യത്തിൽ പങ്കുചേരാൻ സഹായിക്കും വിധം അതിനെ നമ്മൾ അനുസ്മരിക്കുന്നുണ്ട് . ഈശോയുടെ മരണത്തിൽ പങ്കുചേരുന്നവർക്ക് മാത്രമേ അവിടുത്തെ ഉത്ഥാനത്തിലും പങ്കുചേരാൻ ആവൂ.  റോമാക്കാർക്ക് ഉള്ള ലേഖനം ആറാം അധ്യായം അഞ്ചാം വാകൃത്തിൽ പൗലോസ് ശ്ലീഹ ഇങ്ങനെ പഠിപ്പിക്കുന്നു "അവൻറെ മരണത്തിനു സദൃശ്യമായ ഒരു മരണത്തിൽ നാം അവനോട് ഐക്യപ്പെട്ടവരായെങ്കിൽ അവൻറെ പുനരുത്ഥാനത്തിന് സദൃശ്യമായ ഒരു പുനരുത്ഥാനത്തിലും  നാം അവനോട് ഐക്യപ്പെട്ടവർ ആയിരിക്കും". ഉത്ഥിതനായ കർത്താവ് നമ്മിൽ വസിക്കണമെങ്കിൽ അവിടുത്തെ മരണത്തിൽ നാം പങ്കുചേരണം എന്ന് പൗലോസ് ശ്ലീഹ പഠിപ്പിക്കുന്നു.

www.malankaralibrary.com

ഗലാത്തിയാക്കാർക്ക് എഴുതിയ ലേഖനം രണ്ടാം അധ്യായം ഇരുപതാം വാക്യത്തിൽ പൗലോസ് ശ്ലീഹ ഇങ്ങനെ പ്രഘോഷിക്കുന്നുണ്ട് ; "ഞാൻ മിശിഹായോടുകൂടെ ക്രൂശിതൻ ആയിരിക്കുന്നു. ഇനിമേൽ ഞാൻ അല്ല ജീവിക്കുന്നത് മിശിഹായാണ് എന്നിൽ ജീവിക്കുന്നത് ". കോറിന്തോസുകാർക്ക് എഴുതിയ രണ്ടാം ലേഖനം നാലാം അധ്യായം പത്താം വാക്യത്തിലും ഇതേ ആശയം തന്നെ പൗലോസ് ശ്ലീഹ ഏറ്റുപറയുന്നു "ഈശോയുടെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ പ്രത്യക്ഷമാകേണ്ടതിന് അവിടുത്തെ മരണം ഞങ്ങൾ എല്ലായ്പ്പോഴും ശരീരത്തിൽ സംവഹിക്കുന്നു". ഉത്ഥിതനായ മിശിഹായിൽ ജീവിക്കുന്നതിനുള്ള പരിശീലനമാണ് വിശുദ്ധ കുർബാനയിൽ നമുക്ക് ലഭിക്കുന്നത് .

എഴുന്നേറ്റു നിൽക്കുക എന്ന് അർത്ഥം വരുന്ന ഖാം എന്ന സുറിയാനി ക്രിയാപദത്തിൽ നിന്നാണ് ഉയിർപ്പ് എന്നർത്ഥം വരുന്ന ഖ്യംതാ എന്ന സുറിയാനിപദം ഉൽഭവിക്കുന്നത്. സ്ഥലകാല യാഥാർത്ഥ്യത്തിന്റെ തിരശ്ചീനമാനത്തിൽ നിന്ന് ദൈവികമായ നിത്യതയുടെ ലംബമാനത്തിലേക്കുള്ള എഴുന്നേറ്റു നിൽപ്പാണ് ഉയിർപ്പ്. വിശുദ്ധ കുർബാനയിൽ ഉടനീളമുള്ള എഴുന്നേറ്റുനിൽപ്പിന്റെ മുഖ്യ പ്രതീകാത്മകത ഉയിർപ്പിന്റെ അനുഭവത്തെ സൂചിപ്പിക്കുക എന്നുള്ളതാണ്. കർത്താവിൻറെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും രഹസ്യത്തെ തിരുശരീരരക്തങ്ങളുടെ ശുശ്രൂഷയിലൂടെ

www.malankaralibrary.com

അനുസ്മരിച്ചുകൊണ്ട് ഉത്ഥാനത്തിന്റെ അനുഭവത്തിലേക്ക് പ്രവേശിക്കാനുള്ള ക്ഷണമാണ് ഓരോ വിശുദ്ധ കുർബാനയിലുമുള്ളത്. പക്ഷേ ഉത്ഥിതനായ കർത്താവിൽ ഉള്ള ഒരു ജീവിതത്തിനു മാത്രമേ ഈ ഉത്ഥാനാനുഭവം പ്രദാനം ചെയ്യാൻ കഴിയൂ.

ഉത്ഥിതനായ കർത്താവിൽ ജീവിക്കാൻ കഴിയണമെങ്കിൽ അവൻറെ പീഡാസഹനത്തിലും മരണത്തിലും പങ്കുചേരാൻ കഴിയണം. കുർബാനയുടെയും മറ്റു കൂദാശകളുടെയും അനുഷ്ഠാനപരമായ തലങ്ങൾക്കതീതമായി ഈശോയുടെ സഹനവും മരണവും നമ്മുടെ ജീവിതങ്ങളുടെ സാധാരണ തലങ്ങളിൽ സത്യമായി തീരുമ്പോൾ മാത്രമാണ് അവൻറെ ഉത്ഥാനവും നമ്മുടെ ജീവിതസത്യം ആയി മാറുന്നത്. അപ്പോൾ നമുക്ക് പൗലോസ് ശ്ലീഹായെപ്പോലെ അഭിമാനത്തോടെ പറയാൻ കഴിയും " ഞാനല്ല ജീവിക്കുന്നത് മിശിഹായാണ് എന്നിൽ ജീവിക്കുന്നത്".

ലോകം മുഴുവനും അപാരമായ ദുഃഖത്തിന്റേയും ഭീതിയുടെയും നടുവിൽ കഴിയുമ്പോൾ ഈശോയുടെ ഉയിർപ്പ് തിരുനാളിന് സവിശേഷമായ പ്രസക്തിയുണ്ട് . സഹനത്തിൻറെയും മരണത്തിൻറെയും കാർമേഘങ്ങൾക്കിടയിൽ പ്രത്യാശയുടെ സൂര്യനായി ഉദിച്ചുയരുന്ന ഈശോ ലോകത്തിന് ശാന്തിയും സമാധാനവും നൽകും. ഉത്ഥിതനായ മിശിഹായിൽ ജീവിക്കാനുള്ള കൃപ കർത്താവ് നമുക്ക് എല്ലാവർക്കും നൽകട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

**നിങ്ങൾക്കെല്ലാവർക്കും ഉയിർപ്പ് തിരുനാളിന്റെ സ്നേഹനിർഭരമായ ആശംസകൾ.**

www.malankaralibrary.com